(ബി) ബ്ലോക്ക് പഞ്ചായത്തുകൾ മാത്രം തീരുമാനമെടുത്താൽ, പി. എം. ജി. എസ്. വൈ. റോഡുകൾക്ക് അനുമതി നേടാൻ ആവുകയില്ല. എന്നാൽ ബ്ലോക്ക് പഞ്ചായത്തുകളുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആർ. ഐ. ഡി. എഫ്. റോഡുകൾക്ക് അനുമതി ലഭിക്കുന്നതിന് സാദ്ധ്യത കൂടുതലാണ്.

(സി) കേന്ദ്ര ഗവൺമെന്റിൽ നിന്നും പി. എം. ജി. എസ്. വൈ. പ്രകാരം പരമാവധി പ്രോജക്ടുകൾക്ക് അനുമതി നേടാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

ഗ്രാമവികസനത്തിനായി പുതിയ റോഡുകൾ

84 [3971] *ശ്രീ. സി. കെ. നാണു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസനത്തിന്റെ ഭാഗമായി ഈ സാമ്പത്തിക വർഷം പുതിയ റോഡുകളുടെ നിർമ്മാണം നടപ്പിലാക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട വസ്തുതകൾ വിശദമാക്കുമോ?

ഉത്തരം

(എ) & (ബി) ഗ്രാമവികസന വകുപ്പുവഴി കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രധാനമന്ത്രിയുടെ ഗ്രാമസഡക് യോജന, സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന എന്നിവ മുഖേനയും നബാർഡ് വായ്പ ഉപയോഗിച്ചുള്ള ആർ.ഐ.ഡി.എഫ്. പദ്ധതിയിലും പുതിയ റോഡുകൾ ഏറ്റെടുക്കുന്നുണ്ട്.

സമ്പൂർണ്ണ ശുചിത്വ പദ്ധതി

85 [3972] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:*
ശ്രീ. മഞ്ഞളാംകുഴി അലി:
,, *കെ. വി. കുഞ്ഞിരാമൻ:*
,, *സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ ശുചിത്വ പദ്ധതി നടപ്പിൽ വരുത്തുന്നുണ്ടോ;

(ബി) ഏതെല്ലാം ജില്ലകൾ ഇതിനകം സമ്പൂർണ്ണ ശുചിത്വ പദ്ധതി നടപ്പിലാക്കുകയുണ്ടായി;

(സി) ശുചിത്വം സമ്പൂർണ്ണമല്ലാത്ത ജില്ലകൾ സംസ്ഥാനത്ത് ഉള്ളതായി സർക്കാർ കരുതുന്നുണ്ടോ;

(ഡി) സമ്പൂർണ്ണ ശുചിത്വ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റ് സഹായം ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly